**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2985** **13-10-2021 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാരെ സഹായിക്കുന്നതിനായി പുതിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാലഘട്ടത്തിൽ ഏറ്റവും ദുരിതം അനുഭവിക്കേണ്ടിവന്ന കലാകാരന്മാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കി വരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി -'മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിൽക്കുന്ന സാംസ്കാരികോത്സവം സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ അടക്കം ഉള്ളവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 3500ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി സാധിക്കും. കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ |

ചെലവഴിച്ച് പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപാ വീതം ആകെ 290.5ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകി. ഈ വർഷം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാഡമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീട്ടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000/- രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2000/- രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1000/- രൂപ വീതം പ്രതിഫലവും

| | | | |
|---|---|---|---|
| | | | നൽകി വരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു. |
| (ബി) | കലാകാരന്മാരുടെ വാസനയും നൈപുണിയും പ്രോത്സാഹിപ്പിക്കുന്നതിന് റൂറൽ ആർട്ട് ഹബ്ബുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ ഈ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി കേരള ലളിതകലാ അക്കാദമിയെ കൂടി പങ്കെടുപ്പിച്ച് കൊണ്ട് കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കുന്നതാണ്. |
| (സി) | കലാകാരന്മാരുടെ കഴിവ് പ്രകടിപ്പിക്കുന്നതിനായി പൊതു വേദികൾ സൃഷ്ടിക്കുന്നതിനുള്ള സ്കീമുകൾ ആരംഭിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് നാട്ടരങ്ങ്. ഈ പദ്ധതി കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കുന്നതാണ്. വകുപ്പിനു കീഴിൽ 14 ജില്ലകളിൽ നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുണ്ട്. നിലവിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. നാടകശാലകളും, സംഗീതശാലകളും, ഓപ്പൺഹൗസും, ആർട്ട് ഗാലറികളും പണിശാലകളും റിഹേഴ്സൽ സൗകര്യങ്ങളുമുള്ള പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളിൽ കലാകാരന്മാരുടെ കഴിവു തെളിയിക്കുന്നതിനുള്ള നിരവധി പൊതുവേദികൾ ലഭ്യമാകുന്നതാണ്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവനും വിവിധ സാംസ്കാരിക സ്ഥാപനങ്ങളും ഓൺലൈൻ കലാ അവതരണങ്ങൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ